## കാർഷിക എഞ്ചിനീയറിങ്ങ് ബിരുദധാരിയെ ആവശ്യമുണ്ട്

കേന്ദ്രാവിഷ്കൃത പദ്ധതിയായ സബ്മിഷൻ ഓൺ അഗ്രികൾച്ചർ മെക്കനൈസേഷൻ (SMAM) സ്കീം നടപ്പിലാക്കുന്നതിന്റെ ഭാഗമായി എറണാകുളം ജില്ലയിൽ ഒരു കാർഷിക എഞ്ചിനീയറിങ്ങ് ബിരുദധാരിയെ 2019 മാർച്ച് 31 വരെയുള്ള കാലയളവിൽ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നു. അംഗീകൃത യൂണിവേഴ്സിറ്റിയിൽ നിന്നും നേടിയ B.Tech Agricultural Engineering ബിരുദം ആണ് യോഗ്യത. SMAM പദ്ധതിയുമായി ബന്ധപ്പെട്ട് കർഷകർക്ക് ആവശ്യമായ സാങ്കേതിക ഉപദേശങ്ങൾ നൽകൽ, കാർഷിക യന്ത്രങ്ങളുടെ പരിശോധന, ഡോക്കുമെന്റേഷൻ, കാർഷിക എഞ്ചിനീയറിങ്ങുമായി ബന്ധപ്പെട്ട മറ്റ് പ്രവൃത്തികൾ തുടങ്ങിയവയാണ് ചുമതലകൾ. പ്രതിമാസ വേതനം 39500/- രൂപ. (കൺസോളിഡേറ്റഡ്) ഇതിലേക്കായുള്ള വാക്-ഇൻ-ഇന്റർവ്യൂ 2018 ഡിസംബർ മാസം അഞ്ചാം തീയതി കൃഷി അസിസ്റ്റന്റ് എഞ്ചിനീയറുടെ കാര്യാലയം, കാക്കനാട്, സെസ്സ് പി.ഒ, എറണാകുളം - ത്ത് വച്ച് നടത്തുന്നു. താൽപര്യമുള്ളവർ യോഗ്യത സർട്ടിഫിക്കറ്റും തിരിച്ചറിയൽ രേഖയുമായി അന്നേ ദിവസം രാവിലെ 10 മണിക്ക് ഹാജരാകേണ്ടതാണ്. വിശദവിവരങ്ങൾക്ക് എറണാകുളം കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയവുമായി ബന്ധപ്പെടാവുന്നതാണ്.

ഫോൺ നം. 0484 2422974, 9446740469

കാക്കനാട്
27/11/2018

കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ
എറണാകുളം

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനിയർ (കൃഷി)
എറണാകുളം-682 037.